## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 72

27.06.2011 ന് മറുപടിയ്ക്ക്

### പാമോലിൻ കേസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കെ.സദാശിവൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എം.ഹംസ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |

| | | | |
| --- | --- | --- | --- |
| എ). | പാമോലിൻ കേസ്സിൽ തുടരന്വേഷണം നടത്താൻ പ്രത്യേക കോടതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; ഇതിനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) | നിർദ്ദേശിച്ചിരുന്നു. ഈ കേസ്സിലെ പ്രതികളായ ശ്രീ.റ്റി.എച്ച്.മുസ്തഫ, ശ്രീ.സക്കറിയ മാത്യു ഐ.എ.എസ് (റിട്ട), ശ്രീ.ജിജി തോംസൺ ഐ.എ.എസ് തുടങ്ങിയവർ, തുടരന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഫയൽ ചെയ്ത ഡിസ്ചാർജ് പെറ്റിഷനെ തുടർന്ന് തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 14.3.2011-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുടരന്വേഷണത്തിന് നിർദ്ദേശം നൽകിയത്. |
| ബി) | തുടരന്വേഷണത്തിന് കോടതി അനുവദിച്ച സമയപരിധി എത്രയായിരുന്നു; സമയപരിധിക്ക് മുമ്പായി അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയുണ്ടായോ; | ബി) | മൂന്നു മാസം. സമയപരിധിയ്ക്കകം അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. |

| | | | |
|---|---|---|---|
| സി) | തുടരന്വേഷണത്തിൽ ശ്രദ്ധയിൽ വന്ന പുതിയ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള സമഗ്രമായ അന്വേഷണം നടന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | സി) | സമഗ്രമായ അന്വേഷണം നടന്നിട്ടുണ്ട്. റിപ്പോർട്ട് വിജിലൻസ് പ്രത്യേക കോടതിയുടെ പരിഗണനയിലായതിനാൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്താനാവില്ല. |
| ഡി) | പാമോലിൻ ഇടപാട് നടന്ന കാലഘട്ടത്തിലെ മുഖ്യമന്ത്രി, ഭക്ഷ്യ വകുപ്പ് മന്ത്രി, ധനകാര്യമന്ത്രി, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ആരൊക്കെയായിരുന്നു; | ഡി) | മുഖ്യമന്ത്രി. - കെ.കരുണാകരൻ<br>ഭക്ഷ്യ വകുപ്പ് മന്ത്രി.-ശ്രീ.റ്റി.എച്ച്.മുസ്തഫ<br>ധനകാര്യ മന്ത്രി. - ശ്രീ.ഉമ്മൻ ചാണ്ടി<br>ചീഫ് സെക്രട്ടറി - ശ്രീ.എസ്.പത്മകുമാർ ഐ.എ.എസ്.,<br>അഡീഷണൽ ചീഫ് സെക്രട്ടറി -ശ്രീ.സക്കറിയ മാത്യു ഐ.എ.എസ്.,<br>സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ -ശ്രീ.ജിജി തോംസൺ ഐ.എ.എസ്.,<br>സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി (ഇൻ ചാർജ്) -ശ്രീ.പി.ജെ.തോമസ് ഐ.എ.എസ്. എന്നിവരായിരുന്നു ഉന്നത ഉദ്യോഗസ്ഥർ. |
| ഇ) | മുഖ്യമന്ത്രിയേയും ഭക്ഷ്യ മന്ത്രിയേയും പ്രതിയാക്കിയപ്പോൾ ഫയലിൽ തീരുമാനം എടുത്ത ധനകാര്യമന്ത്രിയെ മാത്രം പ്രതിസ്ഥാനത്ത് നിന്ന് ഒഴിവാക്കിയതെന്തുകൊണ്ട്? | ഇ) | ധനകാര്യമന്ത്രിക്കെതിരെ യാതൊരു തെളിവുകളും ലഭിക്കാത്തതിനാൽ പ്രതിസ്ഥാനത്തു നിന്നും ഒഴിവാക്കി. |

സെക്ഷൻ ഓഫീസർ

— — –